3. പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമുള്ള സഹായം.

(വിഹിതം: 150.00ലക്ഷംരൂപ)

| 2025-26 വിഹിതം | 2025-26 ചെലവ് (02.02.2025 വരെ) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 100.00 | 25.00 | 4408-02-195-86 | 100.00 |
| 50.00 | -- | 6408-02-195-65 | 50.00 |
| **150.00** | **25.00** | **ആകെ** | **150.00** |

കാർഷിക കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം, കാർഷികോല്പന്നങ്ങളുടെ ഗുണനിലവാരം അനുസരിച്ച് തരംതിരിക്കൽ, സ്റ്റാൻഡേഡൈസേഷൻ എന്നീ പ്രവർത്തനങ്ങൾക്കായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഫെഡറേഷനുകൾ, മാർക്കറ്റിംഗ് സൊസൈറ്റികൾ എന്നിവയ്ക്ക് സഹായം നൽകുന്നു.

താഴെപ്പറയുന്ന പരിപാടികൾക്കായി വിഹിതം വകയിരുത്തിയിരിക്കുന്നു.

- സംഭരണശാലകൾ നിർമ്മിക്കുന്നതിന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സഹായം.
- സംസ്ഥാന ജില്ലാ പ്രാദേശിക തലത്തിലുള്ള മറ്റു സഹകരണ സംഘങ്ങൾക്കും ഫെഡറേഷനും മാർജിൻമണി സഹായം.
- വിപണനസംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് സഹായം.
- പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തുന്നതിനും, ദുർബ്ബല വിപണന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുമുള്ള സഹായം.
- സഹകരണ സംഘങ്ങൾക്ക് കീഴിൽ കർഷക സേവനകേന്ദ്രം സ്ഥാപിക്കുന്നതിന് സഹായം.
- പുഷ്പ കൃഷി നടത്തുന്ന സഹകരണ സംഘങ്ങൾക്ക് സഹായം.

- കാർഷിക കമ്പോളത്തിന്റെ പശ്ചാത്തല സൗകര്യ വികസനം, കാർഷികോൽപ്പന്നങ്ങളുടെ ഗുണനിലവാരം അനുസരിച്ച് തരംതിരിക്കൽ, സ്റ്റാൻഡേഡൈസേഷൻ എന്നിവയ്ക്കായി സഹായം.

- 2026-27 ൽ എൻ.സി.ഡി.സി നടപ്പിലാക്കുന്ന പുതിയ പദ്ധതികൾക്ക് സഹായം.

2026-27 കാലയളവിൽ പദ്ധതിയുടെ പ്രതീക്ഷിക്കുന്ന NCDC സഹായം 150.00 ലക്ഷം രൂപയാണ്.

ധനകാര്യ വകുപ്പിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് മുമ്പ് അഡ്മിനിസ്ട്രേറ്റീവ് വകുപ്പിന്റെ മുൻഗണനയും ശിപാർശകളും ആവശ്യമാണ്. പ്രൊപ്പോസലിന്റെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ധനവകുപ്പ് എൻ.സി.ഡി.സി.ക്ക് ശിപാർശ ചെയ്യും.